## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2850

07.12.2018-ൽ മറുപടിയ്ക്ക്.

## മിൽമയുടെ പാൽ സംഭരണത്തിലെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പ്രളയം മൂലം മിൽമയുടെ പ്രതിദിന പാൽ സംഭരണത്തിൽ മൂന്നുലക്ഷം ലിറ്ററിന്റെ കുറവ് വന്നിട്ടുണ്ടോ; | (എ) മിൽമയുടെ മലബാർ മേഖല യൂണിയൻ പരിധിയിൽ പ്രളയം മൂലം സംഭരണം കുറഞ്ഞത് ഇപ്പോൾ പൂർവ്വസ്ഥിതിയിലായിട്ടുണ്ട്.<br>എറണാകുളം മേഖല യൂണിയനിൽ പ്രളയത്തിനു ശേഷമുള്ള ദിവസങ്ങളിൽ പ്രതിദിന പാൽ സംഭരണത്തിൽ ഏകദേശം 60,000 ലിറ്ററിന്റെ കുറവ് ഉണ്ടായി. എന്നാൽ നവംബർ അവസാനത്തോടെ സംഭരണത്തിൽ പൂർവ്വസ്ഥിതിയിലെത്താൻ കഴിഞ്ഞിട്ടുണ്ട്.<br>തിരുവനന്തപുരം മേഖല യൂണിയനിൽ ആലപ്പുഴ ജില്ലയിൽ ഏകദേശം 20000 ലിറ്ററിന്റെ കുറവും പത്തനംതിട്ട ജില്ലയിൽ ഏകദേശം 23000 ലിറ്ററിന്റെ കുറവും രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ ക്ഷീരമേഖലയെയും അതുവഴി ക്ഷീരകർഷകരെയും കൈപിടിച്ചുയർത്താൻ എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകുമെന്ന് വിശദമാക്കുമോ? | (ബി) നിലവിൽ ക്ഷീരമേഖലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് പുറമെ പ്രളയം സൃഷ്ടിച്ച നാശനഷ്ടം കണക്കിലെടുത്ത് 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br>മിൽമയുടെ മലബാർ മേഖലാ യൂണിയൻ പശു, തൊഴുത്ത് എന്നിവയടക്കം വിവിധ ക്ഷീരകർഷക ക്ഷേമ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന 18.72 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ ഇതിനകം 1,27,00,000 രൂപയുടെ ധനസഹായം ക്ഷീരകർഷകർക്ക് നൽകി കഴിഞ്ഞു. ഡിസംബർ മുതൽ പാലിന് ലിറ്ററിന് 1.50 രൂപ നിരക്കിൽ അധിക വില ക്ഷീരകർഷകർക്ക് നൽകുന്നുണ്ട്. |

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്താൽ 11.07 കോടി രൂപ അടങ്കൽ തുകയുടെ കർമ്മപരിപാടി തിരുവനന്തപുരം മേഖലാ യൂണിയൻ രൂപപ്പെടുത്തിയിട്ടുണ്ട്. പ്രളയദുരിതാശ്വാസമായി വിവിധ സഹായ പദ്ധതികൾ തിരുവനന്തപുരം യൂണിയൻ നടപ്പിലാക്കി.

**സെക്ഷൻ ഓഫീസർ**